# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**പമ്പ റിലീഫ് ഫണ്ട് ശേഖരണം നടത്തുന്നതിലേയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

നടപടി ഉത്തരവ് നമ്പർ ആർഒസി. 10079/18/ശബ — തിരുവനന്തപുരം, തീയതി:30/08/2018

**പരാമർശം:- 30.08.2018 ലെ ബോർഡ് തീരുമാനം.**

## ഉത്തരവ്

പമ്പ റിലീഫ് ഫണ്ട് ശേഖരണം നടത്തുന്നതിലേയ്ക്ക് ചുവടെ വിവരിക്കും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊണ്ട് ബോർഡുത്തരവാകുന്നു.

1) പമ്പ റിലീഫ് ഫണ്ട് ശേഖരണത്തോടനുബന്ധിച്ച് തമിഴ്നാട്, കർണ്ണാടക, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിലെ പ്രാദേശിക ചാനലുകളിലും പമ്പ റിലീഫ് ഫണ്ടിന്റെ പരസ്യം നൽകുന്നതിനും, റെയിൽവേ സ്റ്റേഷനുകളിൽ വീഡിയോ സ്ക്രീനുകളിൽ ഡൊണേഷൻ അഭ്യർത്ഥനാ പരസ്യം നൽകുന്നതിനും, പ്രളയത്തിന്റെ വ്യാപ്തി വ്യക്തമാക്കി റിലീഫ് ഫണ്ടിലേക്ക് ഡൊണേഷൻ അഭ്യർത്ഥിക്കുന്ന 10 സെക്കന്റ് ദൈർഘ്യമുള്ള ഒരു പ്രൊമോ (വീഡിയോ) തയ്യാറാക്കുന്നതിനും പബ്ലിക് റിലേഷൻസ് ആഫീസറെ ചുമതലപ്പെടുത്തുന്നു.
2) സംഭാവന സ്വീകരിക്കുന്നതിലേയ്ക്കായി 100 ലീഫുള്ള 10000 (പതിനായിരം) Receipt Book നല്ല ക്വാളിറ്റി പേപ്പറിൽ അടിനയന്തിരത്തിൽ പ്രിന്റ് ചെയ്യുന്നതിനും, ആയത് വിതരണം ചെയ്യുന്നതിനും കൾച്ചറൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
3) ഇപ്രകാരം ലഭ്യമാകുന്ന തുകയ്ക്കുള്ള Income Tax Exemption (80 G) Chartered Accountant നെ സമീപിച്ച് നടപടി സ്വീകരിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തുന്നു.
4) പമ്പ റിലീഫ് ഫണ്ട് ശേഖരണത്തോടനുബന്ധിച്ച് സെപ്തംബർ മാസം 10, 11, 12 തീയതികളിൽ ഹൈദരാബാദ്, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ ബോർഡ് പ്രതിനിധികൾ സന്ദർശനം നടത്തുന്നതിന് തീരുമാനിച്ചു.
5) പമ്പയിൽ മഹാപ്രളയം സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ നിലയ്ക്കൽ Base Station ആയി പ്രവർത്തിക്കണമെന്ന് 29.08.2018 ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. കെ.എസ്.ആർ.റ്റി.സി, സ്വകാര്യ വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും പമ്പയിലോട്ട് കടത്തി വിടാത്ത രീതിയിൽ നിലയ്ക്കലിൽ തന്നെ പാർക്ക് ചെയ്യേണ്ടി വരുന്ന സാഹചര്യത്തിലും, മറ്റ് എല്ലാ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേയ്ക്കുമായി നിലവിലുള്ള ദേവസ്വം വക ഭൂമിയ്ക്ക് പുറമെ 100 ഏക്കർ വനം ഭൂമി നൽകുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുവാനും വിവരം ബഹു. കോടതിയെ അറിയിക്കാനും ലാ ആഫീസറെ ചുമതലപ്പെടുത്തുന്നു.
6) 21.08.2018 ലെ ആർ.ഒ.സി. 430/15/എസ്റ്റാ-1 സർക്കുലർ പ്രകാരം Temple Renovation Fund-ലേയ്ക്ക് ഭക്തജനങ്ങളിൽ നിന്നും ഉപദേശക സമിതികളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതി

EDP

നുള്ള നടപടി സ്വീകരിക്കുന്നതിന് ഡിസ്ട്രിക്ട് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

7) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള മുന്നൂറിൽപ്പരം ക്ഷേത്രങ്ങൾ ഇപ്പോഴുണ്ടായ പ്രളയത്തിൽ വെള്ളം കയറി ഗുരുതരമായ നാശനഷ്ടം ഉണ്ടായിട്ടുള്ളതാണ്. അതോടൊപ്പം പമ്പയിലും വൻ നാശനഷ്ടം ഉണ്ടായിട്ടുള്ളതും ആയതിന് പ്രാഥമികമായി മുന്നൂറ് കോടി രൂപയോളം ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രളയക്കെടുതി കാരണം ശബരിമലയിൽ ചിങ്ങമാസം, ഓണ പൂജ എന്നീ സമയങ്ങളിൽ ലഭിക്കേണ്ടിയിരുന്ന 25 കോടിയോളം രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായതിനാൽ സർക്കാർ തീരുമാനിച്ചിട്ടുള്ളതുപോലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം തിരുവിതാംകൂർ ദേവസ്വം ബോർഡ് 'Temple Renovation Fund'- ലേയ്ക്ക് സംഭാവന ചെയ്യുന്നതിന് തീരുമാനിക്കുന്നു. ഒറ്റ പ്രാവശ്യം നൽകുന്നതിന് ബുദ്ധിമുട്ടുള്ള പക്ഷം ഒരു മാസത്തിൽ മൂന്ന് ദിവസത്തെ ശമ്പളം വീതം 10 മാസം പിടുത്തം വരത്തക്ക വിധം തിരുവിതാംകൂർ ദേവസ്വം ബോർഡ് Temple Renovation Fund- ലേയ്ക്ക് ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തുന്നു.

8) ഈ സാഹചര്യത്തിൽ വൻ സാമ്പത്തിക ചെലവ് ചെയ്ത് ഉത്സവാദി അടിയന്തിരങ്ങൾ തൽക്കാലം നടത്തേണ്ടതില്ലായെന്ന് തീരുമാനിക്കുന്നു.

9) ദേവസ്വം ബോർഡിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരുടെ ഒരു മാസത്തെ പെൻഷൻ Temple Renovation Fund- ലേയ്ക്ക് സംഭാവന ചെയ്യുന്നതിലേക്ക് ടി ഉദ്യോഗസ്ഥരോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ (ജനറൽ)
3) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5) ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
6) എല്ലാ ഡിസ്ട്രിക്ട് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
7) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
8) ലാ ആഫീസർ
9) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
10) പബ്ലിക് റിലേഷൻസ് ആഫീസർ

✓ EDP

11) പെൻഷൻ സംഘടനകൾ (.......................................)
12) സെക്ഷൻ ഫയൽ
13) ഫെയർ ഓഫീസ് കോപ്പി
14) ഫയൽ ബുക്ക്